**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3206** **13-07-2022 - ൽ മറുപടിയ്ക്ക്**

**ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ഡോ. എം.കെ . മുനീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂളുകൾ തുറക്കുന്നതിന് മുന്നോടിയായി കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്ന വാർഷിക ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കാത്ത സ്കൂളുകളുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | **ഉണ്ട്.** |
| (ബി) | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സ്കൂളുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; | (ബി) | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത കെട്ടിടങ്ങളിൽ സ്കൂളുകൾ നിലവിൽ പ്രവർത്തിക്കുന്നില്ല. ഇത്തരം കെട്ടിട ങ്ങളിൽ സ്കൂൾ ക്ലാസ്സുകൾ നടത്തുവാൻ പാടില്ലായെന്നും പ്രസ്തുത സ്കൂളുകൾ പ്രവർത്തിക്കുന്നതിനായി പകരം സംവിധാനം ഏർപ്പെടുത്തണമെന്നുമുള്ള കർശന നിർദ്ദേശം ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. കൂടാതെ അറ്റകുറ്റപ്പണികൾ നടത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ സാധിക്കുന്ന കെട്ടിടങ്ങൾ കണ്ടെത്തി അറ്റകുറ്റപ്പണികൾ നടത്തുന്നതിനായുള്ള പദ്ധതി വിഭാവനം ചെയ്തു വരുന്നു. |
| (സി) | എങ്കിൽ പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത കെട്ടിടങ്ങളിൽ സ്കൂളുകൾ നിലവിൽ പ്രവർത്തിക്കുന്നില്ല. ഇത്തരം കെട്ടിട ങ്ങളിൽ സ്കൂൾ ക്ലാസ്സുകൾ നടത്തുവാൻ പാടില്ലായെന്നും പ്രസ്തുത സ്കൂളുകൾ പ്രവർത്തിക്കുന്നതിനായി പകരം സംവിധാനം ഏർപ്പെടുത്തണമെന്നുമുള്ള കർശന നിർദ്ദേശം ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. കൂടാതെ അറ്റകുറ്റപ്പണികൾ നടത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ സാധിക്കുന്ന കെട്ടിടങ്ങൾ കണ്ടെത്തി അറ്റകുറ്റപ്പണികൾ നടത്തുന്നതിനായുള്ള പദ്ധതി വിഭാവനം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ